(ബി) മുണ്ടക്കാട് കോഴി വളർത്തൽ കേന്ദ്രം കോളേജിനു പറ്റിയ സ്ഥലമാണെന്നു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ വെറ്റിനറി കോളേജ് ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) ഇല്ല.

സ്പോർട്സ് കോംപ്ലക്സ്

148 [413] ശ്രീ. പി. ഭാസ്ക്കരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന കണ്ണൂരിൽ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുമോ ;

(ബി) ഇതുസംബന്ധിച്ച് നിവേദനം കിട്ടിയിട്ടുണ്ടോ ?

ഉത്തരം

(എ) സ്പോർട്സ് കോംപ്ലക്സ് എവിടെ സ്ഥാപിക്കണമെന്നതു സംബന്ധിച്ച അന്തിമതീരുമാനം ഇതുവരെയുമായിട്ടില്ല.

(ബി) ഇല്ല.

സ്റ്റേഡിയങ്ങളും ജിംനേഷ്യങ്ങളും നീന്തൽകുളങ്ങളും നിർമ്മിക്കുവാൻ ഗവൺമെന്റ് പരിപാടി

149 [414] ശ്രീ. ഇ. പത്മനാഭൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഗെയിംസ് രംഗങ്ങളിൽ യുവജന വിദ്യാർത്ഥി കൾക്ക് സൗകര്യങ്ങൾ വികസിപ്പിക്കുവാൻ ജില്ലാ താലൂക്ക് തലങ്ങളിൽ സ്റ്റേഡിയങ്ങളും ജിംനേഷ്യങ്ങളും നീന്തൽകുളങ്ങളും നിർമ്മിക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും പരിപാടി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലാ തലസ്ഥാനത്ത് സ്റ്റേഡിയം പണിചെയ്യുന്നതിന് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് മുനിസിപ്പാലിറ്റിക്ക് സ്റ്റേഡിയം പണിയുന്നതിന് 15 ലക്ഷം രൂപയുടെ അടങ്കൽ തുക അംഗീകരിച്ച് 5 ലക്ഷം രൂപ സ്പോർട്സ് കൗൺസിലിൽനിന്നും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly